(ഇ) 67,527.

(എഫ്) 1. ഗ്രൂപ്പ് ഇൻഷ്വറൻസ്.

2. ആശുപത്രി ചെലവ്.

3. അനുബന്ധ തൊഴിലാളി മരിച്ചാൽ ആശ്രിതർക്ക് ധനസഹായം.

4. പ്രസവ ശുശ്രൂഷയ്ക്ക് ധനസഹായം.

5. വാർദ്ധക്യകാല പെൻഷൻ.

6. രോഗ ചികിത്സാ ധനസഹായം.

7. വിവാഹ ധനസഹായം.

8. കുടുംബ സഹായ പദ്ധതി.

ഉൾനാടൻ മത്സ്യ സമ്പത്ത് മെച്ചപ്പെടുത്താൻ നടപടി

79 [3666] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നദികളിലും ഉൾനാടൻ ജലാശയങ്ങളിലും മത്സ്യ സമ്പത്ത് കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ ഫിഷറീസ് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഡി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 14 മത്സ്യകർഷക വികസന ഏജൻസികളുടേയും 6 ഓരുജല മത്സ്യകർഷക വികസന ഏജൻസികളുടേയും സഹായത്തോടെ വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു. അവ താഴെ ചേർക്കുന്നു:

1. മത്സ്യ കർഷകർക്ക് ആവശ്യമായ കുളങ്ങൾ നിർമ്മിക്കുന്നതിന് 40,000 രൂപ വരെ സബ്സിഡി നല്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2. കുളങ്ങൾ അഥവാ ടാങ്കുകൾ മത്സ്യ കൃഷിക്ക് അനുയോജ്യ മാക്കുന്നതിന് ഒരു ഹെക്ടറിന് പരമാവധി 6000 രൂപ നല്കുന്നു.

3. മത്സ്യ വിത്ത്, മത്സ്യാഹാരം, വളങ്ങൾ എന്നിവ വാങ്ങുന്നതിന് പരമാവധി 6000 രൂപ നല്കുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് 15,000 രൂപയാണ് നല്കുന്നത്.

4. റണ്ണിംഗ് വാട്ടർ ഫിഷ് കൾച്ചറിനായി 4000 രൂപയും പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിന് 5000 രൂപ വരെയും നല്കുന്നു.

5. എയറേറ്ററുകൾ വാങ്ങുന്നതിന് 12,500 രൂപ വരെ.

6. സംയോജിത മത്സ്യകർഷകർക്കുള്ള ധനസഹായം ഹെക്ടറിന് പരമാവധി 16,000 രൂപ വരെ, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് 20,000 രൂപ വരെ.

7. ആറ്റുകൊഞ്ച്, പിൻഫിഷ് എന്നിവയുടെ ഹാച്ചറികൾ സ്ഥാപിക്കുന്നതിന് ധനസഹായം 80,000 രൂപ വരെ.

8. ഫിഷ് മിൽ സ്ഥാപിക്കുന്നതിന് 5 ലക്ഷം രൂപ വരെ.

9. അലങ്കാര മത്സ്യകൃഷി നടത്തുന്നതിന് ഹാച്ചറി ഉൾപ്പെടെ 1,50,000 രൂപ വരെ.

ഉൾനാടൻ മേഖലയിൽ ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികളും അഡാക്ക് മുഖാന്തിരം നടപ്പാക്കിവരുന്നു. മത്സ്യ രോഗം നിയന്ത്രിക്കുക, കർഷകർക്ക് ആവശ്യമായ രോഗരഹിതമായ മത്സ്യക്കുഞ്ഞുങ്ങളെ പ്രദാനം ചെയ്യുക എന്നീ ലക്ഷ്യങ്ങളോടെ അഡാക്കിന്റെ നേതൃത്വത്തിൽ ഡിപ്പാർട്ടുമെന്റിന്റെ പങ്കാളിത്തത്തോടെ പി.സി.ആർ. ടെസ്റ്റ് ലാബുകൾ സ്ഥാപിച്ചുവരുന്നു. ഫിർമയുടെ നേതൃത്വത്തിൽ കണ്ടൽക്കാടുകൾ വളർത്തുന്നതോടൊപ്പം സിൽവോ ഫിഷറീസ് കൃഷി നടത്തുന്നതിനുള്ള ഒരു പദ്ധതിയും നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.

ശുദ്ധജലമത്സ്യം കൂട്ടത്തോടെ ചത്തു പൊങ്ങിയ സംഭവം

80 [3667] ശ്രീ. സി. പി. മുഹമ്മദ്:

„ വി. ജെ. പൗലോസ്:

„ എം. കെ. പോൾസൺ മാസ്റ്റർ:

„ എം. മുരളി:

„ എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ വർഷം ശുദ്ധജല മത്സ്യങ്ങൾ കൂട്ടത്തോടെ ചത്തു പൊങ്ങിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly